# കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്

തുമ്പുങ്കൽ മനോജ് മന്ദിർ, റ്റി സി 11/20, പ്ലാമൂട് - പി.എം.ജി. റോഡ്,
പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം – 695 004
ഫോൺ :- 0471 – 2723671 ഇ -മെയിൽ :- keraladairyfarmerswfb@yahoo.in

No. KDFWF/4664/2013 31.10.2013

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ക്ഷീരവികസന ഓഫീസർ

സർ,

വിഷയം :- കേരള ക്ഷീരകർഷക ക്ഷേമനിധി - അംഗത്വം ഡേറ്റാബേസ് - ന്യൂനത പരിഹരിക്കുന്നത്- സംബന്ധിച്ച്.

1. ക്ഷേമനിധി അംഗത്വത്തിനായി രജിസ്ട്രേഷൻ ഫീസ് ക്ഷേമനിധി അക്കൗണ്ടിലേയ്ക്ക് അടയ്ക്കുകയും നാളിതുവരെ അംഗത്വ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമായ ക്ഷീരകർഷകരുടെ അപേക്ഷകൾ എത്രയും വേഗം സമർപ്പിക്കേണ്ടതാണ്.

ക്ഷേമനിധി ഡേറ്റാബെയ്സിന്റെ പകർപ്പ് എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം അംഗത്വം ലഭിക്കാത്തവർ ഉണ്ടെങ്കിൽ 2014 ജനുവരി 31 ന് മുമ്പായി പുതിയ അംഗത്വ അപേക്ഷ സമർപ്പിച്ച് അംഗത്വം നേടേണ്ടതാണ്. നിലവിലുള്ള അംഗത്വം എൻട്രിയിൽ തിരുത്തുകൾ ആവശ്യമുള്ളപക്ഷം മേൽ തീയതിയ്ക്കുമുമ്പായി ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. 01.02.2014 ന് ശേഷം (2013 - 14) സാമ്പത്തിക വർഷത്തിനു മുമ്പുള്ള അപേക്ഷകൾ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

2. 2013 - 14 സാമ്പത്തിക വർഷം മുതൽ ക്ഷേമനിധി അംഗത്വത്തിനുള്ള അഞ്ഞൂറ് ലിറ്റർ പാൽ അളന്ന് യോഗ്യത നേടുന്ന ക്ഷീരകർഷകർ, പാലളന്ന സാമ്പത്തിക വർഷം കഴിഞ്ഞു മാത്രം അംഗത്വ ഫീസ് അടയ്ക്കേണ്ടതും അംഗത്വ അപേക്ഷസമർപ്പിക്കേണ്ടതുമാണ്.

ഉദാഹരണമായി 2013 - 14 സാമ്പത്തിക വർഷത്തിൽ 01.04.2013 മുതൽ 01.07.2013 വരെ അഞ്ഞൂറ് ലിറ്റർ പാലളവ് പൂർത്തിയാക്കി യോഗ്യത നേടിയിട്ടുണ്ടെങ്കിലും 31.03.2014 നുശേഷം മാത്രം അംഗത്വത്തിനുള്ള ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ നടപ്പുസാമ്പത്തികവർഷത്തിൽ നാളിതുവരെയുള്ള അംഗത്വ അപേക്ഷകൾ നിലവിലെ രീതിയിൽ പരിഗണിക്കുന്നതായിരിക്കുമെങ്കിലും 01.12.2013 മുതൽ പുതിയ രീതി നിർബന്ധമാണ്.

3. 31.01.2014 വരെ ലഭിക്കുന്ന പഴയ അംഗത്വങ്ങളും, അംഗത്വ ഡേറ്റാ ബേസിലെ പിശകുകൾ പരിഹരിച്ചതും തൊട്ടടുത്തുവരുന്ന ക്ഷേമനിധി ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതായിരിക്കും. അതിനുശേഷം 2013 – 14 സാമ്പത്തിക വർഷത്തിനു മുമ്പുള്ള യാതൊരു അംഗത്വ അപേക്ഷകളും പരിഗണിക്കുന്നതായിരിക്കില്ല. 2013 – 14 സാമ്പത്തിക വർഷത്തിനുമുമ്പ് അംഗത്വ ഫീസ് അടച്ച് അംഗത്വം നേടാത്ത ക്ഷീരകർഷകർ ഉണ്ടെങ്കിൽ അംഗത്വ ഫീസ് ലാപ്സാകുന്നതും അംഗത്വത്തിനായി പുതുതായി ഫീസടച്ച് അപേക്ഷിക്കേണ്ടതുമാണ്.

4. ക്ഷേമനിധിയുടെ എല്ലാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ക്ഷേമനിധിയുടെ അംഗത്വ ഡേറ്റാബേസ് ആധികാരിക പ്രമാണമായിരിക്കും.

വിശ്വസ്തതയോടെ

OFFICE OF THE CHIEF EXECUTIVE OFFICER
Date:......................
Thiruvananthapuram
KERALA DAIRY FARMERS WELFARE FUND

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**